പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1854 | 05.12.2014 ൽ മറുപടിയ്ക്ക് |
| **മാവേലിക്കരയിലെ മാതൃകാ അംഗൻവാടി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.ആർ.രാജേഷ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 32-ാം നമ്പർ അംഗൻവാടിയിൽ 4 വർഷത്തോളം ഹെൽപ്പറായി ജോലി ചെയ്തിരുന്ന തഴക്കര ചെറകുന്നം മലയിൽ വീട്ടിൽ രാധാമണിയെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാധാമണിയെ ഹെൽപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) അങ്കണവാടി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 46 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. 23.11.10 മുതൽ താൽക്കാലിക അങ്കണവാടി ഹെൽപ്പറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.രാധാമണിയ്ക്ക് 46 വയസ്സ് പൂർത്തിയായതിനെ തുടർന്നാണ് ടിയാളെ താൽക്കാലിക സേവനത്തിൽ നിന്നും മാറ്റി നിർത്തിയതും സ്ഥിര നിയമനത്തിന് പരിഗണിക്കാതിരുന്നതും. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുമോ; ഏത് അംഗൻവാടിയാണ് മാതൃകാ അംഗൻവാടിയാക്കി മാറ്റിയിരിക്കുന്നത്; നിലവിൽ ഇതിന്റെ സ്ഥിതി വിശദമാക്കുമോ? | (ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിൽ 51-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ